REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 16-04-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **വനിതാസംവരണത്തിൽ ഭരണഘടനാ ഭേദഗതി കൊണ്ടുവരാൻ പാർലമെന്റിന്റെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം ഇന്ന് ആരംഭിക്കും.**
- **ലക്ഷദ്വീപും, ആൻഡമാൻ നിക്കോബാറും ഉൾപ്പെടെ ഏഴിടങ്ങളിൽ സെൻസസ്- 2027 ന്റെ ആദ്യഘട്ടം ഇന്ന് മുതൽ.**
- **സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വേനലവധിക്കാലത്ത് സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത് പൂർണ്ണമായി ഒഴിവാക്കണമെന്ന് മന്ത്രി V ശിവൻകുട്ടി.**
- **സംസ്ഥാനത്ത് ഇന്നലെ റെക്കോർഡ് വൈദ്യുതി ഉപഭോഗം.**
- **IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ലക്നൗ സൂപ്പർ ജയന്റ്സിനെ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു.**

## വാർത്തകൾ വിശദമായി

**പാർലമെന്റിന്റെ മൂന്ന് ദിവസത്തെ പ്രത്യേക സമ്മേളനം ഇന്ന് ആരംഭിക്കും. ബജറ്റ് സമ്മേളനത്തോടെ അവസാനിക്കേണ്ടിയിരുന്ന സഭ 18 വരെ നീട്ടുകയായിരുന്നു. വനിതാസംവരണവുമായി ബന്ധപ്പെട്ട 'നാരീശക്തി വന്ദൻ അധിനിയം' ഭരണഘടനാ ഭേദഗതി കൊണ്ടുവരാനാണ് പാർലമെന്റ് പ്രത്യേകം സമ്മേളിക്കുന്നത്. ലോക്സഭയിലും, സംസ്ഥാന നിയമസഭകളിലും 33 ശതമാനം വനിതാസംവരണം നടപ്പാക്കുന്ന 2023 ലെ നാരീശക്തി വന്ദൻ അധിനിയം പാസാക്കുകയാണ് പ്രത്യേക സമ്മേളനത്തിന്റെ ലക്ഷ്യം.**

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

ഭരണഘടനയുടെ 131 -ാം ഭേദഗതിബിൽ, യൂണിയൻ ടെറിട്ടറീസ് ഭേദഗതി ബിൽ, മണ്ഡല പുനഃക്രമീകരണ ഭേദഗതിബിൽ എന്നിവ ഇതിനായി ഗവണ്മെന്റ് പാർലമെന്റിൽ അവതരിപ്പിക്കും. 2029 ലെ ലോക്സഭാ തിരഞ്ഞെടുപ്പിൽ മണ്ഡല പുനർനിർണയത്തിനുശേഷം വനിതാസംവരണം നടപ്പാക്കാനാണ് ഗവൺമെന്റ് ലക്ഷ്യമിടുന്നത്. എല്ലാ രാഷ്ട്രീയപാർട്ടികളും ഒറ്റക്കെട്ടായി ബിൽ പാസാക്കണമെന്നാവശ്യപ്പെട്ട് പ്രധാനമന്ത്രി നരേന്ദ്രമോദി ലോക്സഭയിലെയും, രാജ്യസഭയിലെയും സഭാനേതാക്കൾക്ക് കത്തെഴുതിയിരുന്നു.

വനിതാസംവരണ ബില്ലിനെ അനുകൂലിക്കുന്നുണ്ടെങ്കിലും, ഗവൺമെന്റ് ബിൽ കൊണ്ടുവരുന്ന രീതിയോട് യോജിക്കാനാകില്ലെന്ന് കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ അറിയിച്ചു. രാഷ്ട്രീയപ്രേരിതമായ ഉള്ളടക്കമാണ് ബില്ലിലേതെന്നും അദ്ദേഹം കുറ്റപ്പെടുത്തി. സംവരണബില്ലിന് മുന്നോടിയായ മണ്ഡല പുനഃക്രമീകരണ ബിൽ വ്യവസ്ഥകളെ പാടെ എതിർക്കുന്നതായി പാർട്ടി നേതാവ് ജയറാം രമേശും അറിയിച്ചു, ലോക്സഭയിലും രാജ്യസഭയിലും കോൺഗ്രസ് ബില്ലിനെ എതിർക്കുമെന്നും ജയറാം രമേശ് വ്യക്തമാക്കി.

✪✪✪

കേന്ദ്രം കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന മണ്ഡല പുനർനിർണയ നീക്കത്തോട് യോജിക്കാനാവില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. രാജ്യത്തിന്റെ ഫെഡറൽ സംവിധാനത്തെ അട്ടിമറിക്കുന്ന നീക്കമാണോ ഇതെന്ന ഗുരുതരമായ സംശയം ശേഷിക്കുന്നതായി അദ്ദേഹം പറഞ്ഞു. സംസ്ഥാനങ്ങളുമായി സമവായത്തിൽ എത്താതെയാണ് ഇത്തരം നിർണായക വിഷയത്തിൽ കേന്ദ്രം മുന്നോട്ട് പോകുന്നത് എന്നത് ആശങ്കാജനകമാണെന്നും പ്രസ്താവനയിൽ പറയുന്നു.

✪✪✪

ഇന്ന് പാർലമെന്റിൽ അവതരിപ്പിക്കുന്ന വനിതാ സംവരണ ബില്ലിനെ അനുകൂലിക്കുന്ന നിലപാട് സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കേരളത്തിലെ MP മാർക്ക് BJP സംസ്ഥാന വൈസ് പ്രസിഡണ്ട് R ശ്രീലേഖ കത്തയച്ചു.

✪✪✪

ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദിയും, ഓസ്ട്രിയൻ ചാൻസലർ ഡോ. ക്രിസ്റ്റ്യൻ സ്റ്റോക്കറും ഇന്ന് ന്യൂഡൽഹിയിൽ ചർച്ച നടത്തും. ബഹുമുഖ മേഖലകളിലെ സഹകരണം ഉൾപ്പെടെ, പ്രാദേശിക, ആഗോള വിഷയങ്ങളെക്കുറിച്ചും ഇരു നേതാക്കളും അഭിപ്രായങ്ങൾ കൈമാറും. ചർച്ച വിവിധ മേഖലകളിലെ മികച്ച

സഹകരണത്തിന്  പുതു വഴികൾ തുറക്കുമെന്ന് വിദേശകാര്യ മന്ത്രി ഡോ. S ജയ്ശങ്കർ സമൂഹ മാധ്യമ  പോസ്റ്റിൽ ആത്മവിശ്വാസം പ്രകടിപ്പിച്ചു.

2024 ജൂലൈയിലെ  പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഓസ്ട്രിയൻ സന്ദർശനം ഇരു രാജ്യങ്ങളും തമ്മിലെ  സമകാലിക ബന്ധങ്ങളെ ഗണ്യമായി ഉയർത്തി. പുതിയ മേഖലകളിൽ പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാനും വികസിപ്പിക്കാനും സ്റ്റോക്കറുടെ സന്ദർശനം സഹായക മാകുമെന്നാണ് വിലയിരുത്തൽ.

✪✪✪

കർണാടകയിലും, ലക്ഷദ്വീപിലും, ആൻഡമാൻ നിക്കോബാറിലും ഉൾപ്പെടെ ഏഴ് സംസ്ഥാനങ്ങളിലും, കേന്ദ്രഭരണ പ്രദേശങ്ങളിലും സെൻസസ്- 2027 ന്റെ ആദ്യഘട്ടം ഇന്ന് ആരംഭിക്കും.  വീടുകളുടെ പട്ടിക തയ്യാറാക്കലും, കണക്കെടുപ്പുമാണ് ആദ്യഘട്ടത്തിൽ തുടങ്ങുന്നത്. മെയ് 15 വരെ 30 ദിവസം നീളുന്ന പ്രക്രിയയാണിത്. പരിശീലനം നേടിയ എന്യൂമറേറ്റർമാർ വീടുകളിലെത്തി കണക്ക് ശേഖരിക്കും.

വീടുകളെ സംബന്ധിച്ച വിവരങ്ങൾ സ്വയം സമർപ്പിക്കാവുന്ന സെൽഫ് എന്യൂമറേഷൻ സൗകര്യം ഇതിനകം 12 ലക്ഷത്തിലേറെ വീടുകളിൽ നിന്ന് ലഭ്യമായതായി ആഭ്യന്തരമന്ത്രാലയം അറിയിച്ചു. പൂർണമായി ഡിജിറ്റൽ ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന ആദ്യ സെൻസസാണിത്. 33 ചോദ്യങ്ങൾക്ക് ലഭിക്കുന്ന ഉത്തരങ്ങളാണ് എന്യൂമറേറ്റർമാർ അടയാളപ്പെടുത്തുന്നത്.  കേരളമടക്കം ഏതാനും സംസ്ഥാനങ്ങളിൽ ജൂൺ 16 നാണ് സെൽഫ് എന്യൂമറേഷൻ സൗകര്യം ലഭ്യമാകുന്നത്.

✪✪✪

ഫാസ്ടാഗിൽ വാഹനങ്ങളുടെ രജിസ്ട്രേഷൻ നമ്പർ നിർബന്ധമായും ബന്ധിപ്പിക്കണമെന്ന് ദേശീയപാതാ അതോറിറ്റി ബാങ്കുകൾക്ക് നിർദ്ദേശം നൽകി. ഇലക്ട്രോണിക് ടോൾ കലക്ഷൻ സമ്പ്രദായത്തിലെ കൃത്യതയും, വിശ്വാസ്യതയും ഉറപ്പാക്കാനാണ് നിർദ്ദേശമെന്ന് റോഡ് - ഗതാഗത മന്ത്രാലയം അറിയിച്ചു. പലപ്പോഴും ഫാസ്ടാഗും, വാഹനത്തിന്റെ രജിസ്റ്റർ നമ്പറും തമ്മിൽ പൊരുത്തപ്പെടാത്തത് ബൂത്തുകളിൽ അസൗകര്യമുണ്ടാ ക്കുന്നതായി കണ്ടെത്തിയതിനെ തുടർന്നാണ് നടപടി.

✪✪✪

നിയമസഭാ തിരഞ്ഞെടുപ്പിന് തമിഴ്നാട്ടിൽ പ്രചാരണം ഊർജിതമായി. പ്രധാനമന്ത്രിയും BJP നേതാവുമായ നരേന്ദ്ര മോദി ഇന്നലെ നാഗർകോവിലിൽ റോഡ് ഷോയിൽ പങ്കെടുത്തു. തമിഴ്നാട് മുഖ്യമന്ത്രിയും DMK നേതാവുമായ M.K സ്റ്റാലിൻ സേലം ജില്ലയിലാണ് ഇന്നലെ  പ്രചാരണം നടത്തിയത്. തമിഴക വെട്രി കഴകം നേതാവും നടനുമായ വിജയ്-യും പ്രചാരണത്തിൽ സജീവമാണ്. ഈ മാസം 23 നാണ് തമിഴ്നാട്ടിൽ വോട്ടെടുപ്പ്.

✪✪✪

നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ട വോട്ടെടുപ്പിന് ദിവസങ്ങൾ മാത്രം ശേഷിക്കെ പശ്ചിമബംഗാളിൽ പ്രചാരണം ശക്തമായി. BJP നേതാക്കളും കേന്ദ്രമന്ത്രിമാരുമായ അമിത് ഷാ, നിർമ്മല സീതാരാമൻ എന്നിവർ ഇന്നലെ വിവിധ മേഖലകളിൽ പ്രചാരണത്തിനെത്തി. തൃണമൂൽ കോൺഗ്രസ് അധ്യക്ഷയും മുഖ്യമന്ത്രിയുമായ മമത ബാനർജി, വടക്കൻ ദിനാജ്പുർ ജില്ലയിലെ പൊതുയോഗത്തിലും, സിലിഗുഡി, ചൽസ എന്നിവിടങ്ങളിലെ റോഡ് ഷോയിലും പങ്കെടുത്തു. 2,926 സ്ഥാനാർഥികളാണ് ബംഗാളിൽ മത്സരരംഗത്ത്.

✪✪✪

CBSE പത്താം ക്ലാസ് പരീക്ഷയിൽ വിജയിച്ച വിദ്യാർത്ഥികളുടെ കഠിനാധ്വാനത്തെയും അച്ചടക്കത്തെയും കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ പ്രശംസിച്ചു. ഒരു പരീക്ഷാഫലം ഒരാളുടെ കഴിവിനെ നിർണ്ണയിക്കുന്ന ഘടകമല്ലെന്ന് തിരിച്ചറിയുന്നത് പ്രധാനമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു.

പ്രതീക്ഷിച്ച ഫലം ലഭിക്കാത്ത വിദ്യാർത്ഥികൾ പിഴവുകൾ മനസ്സിലാക്കി പുതിയ നിശ്ചയദാർഢ്യത്തോടെ മുന്നോട്ട് പോകാനുള്ള അവസരമായി അതിനെ കാണണമെന്ന് കേന്ദ്രമന്ത്രി നിർദ്ദേശിച്ചു.

✪✪✪

റഷ്യയിൽ നിന്നോ ഇറാനിൽ നിന്നോ എണ്ണ വാങ്ങുന്നതിന് ഇന്ത്യ ഉൾപ്പെടെ രാജ്യങ്ങൾക്ക് അനുവദിച്ച ഉപരോധ ഇളവുകൾ നീട്ടിനൽകില്ലെന്ന് അമേരിക്ക അറിയിച്ചു. വൈറ്റ് ഹൗസിലെ വാർത്താസമ്മേളനത്തിൽ US ട്രഷറി സെക്രട്ടറി സ്കോട്ട് ബെസെന്റ് ആണ് ഇക്കാര്യം അറിയിച്ചത്.

മാർച്ച് 11-ന് മുമ്പ് യാത്രയാരംഭിച്ച എണ്ണക്ക പ്പലുകൾക്കാണ് നേരത്തെ ഇളവ് നൽകിയിരുന്നതെന്നും അതിന്റെ സമയപരിധി അവസാനിച്ചെന്നും ബെസന്റ് പറഞ്ഞു. ഉക്രൈൻ യുദ്ധവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ നിലനിൽക്കെ കഴിഞ്ഞ മാസമാണ് റഷ്യയിൽ നിന്ന് എണ്ണ വാങ്ങാൻ ഇന്ത്യക്ക് 30 ദിവസത്തെ ഇളവ് അമേരിക്ക അനുവദിച്ചത്.

✪✪✪

ഇറാനുമായി വെടിനിർത്തൽ കരാർ നീട്ടുന്നതിന് അമേരിക്ക ഔപചാരികമായി ആവശ്യപ്പെട്ടെന്ന റിപ്പോർട്ടുകൾ വൈറ്റ് ഹൗസ് പ്രസ് സെക്രട്ടറി കരോലിൻ ലീവിറ്റ് തള്ളി. ഇരുരാജ്യങ്ങളും നയതന്ത്ര ചർച്ചകൾ തുടരുകയാണെന്ന് അവർ സ്ഥിരീകരിച്ചു. US നിലപാടുകളെക്കുറിച്ച് ഇറാന് വ്യക്തമായ ധാരണ നൽകിയിട്ടുണ്ടെന്നും ചർച്ചകൾ പുരോഗമിക്കുകയാണെന്നും ലീവിറ്റ് വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ വേനലവധിക്കാലത്ത് സ്പെഷ്യൽ ക്ലാസുകൾ സംഘടിപ്പിക്കുന്നത് പൂർണ്ണമായി ഒഴിവാക്കണമെന്ന് മന്ത്രി V ശിവൻകുട്ടി ആവശ്യപ്പെട്ടു. മാർച്ചിലെ അവസാന പ്രവൃത്തിദിനം മുതൽ മേയ് മാസം വരെ കുട്ടികൾക്ക് വേനലവധി അനുവദിച്ചിട്ടുണ്ട്. ഇത് കൃത്യമായി പാലിക്കണമെന്നും, ചട്ടവിരുദ്ധമായി ക്ലാസുകൾ നടത്തുന്ന സ്ഥാപനങ്ങൾക്കെതിരെ കർശന നടപടിയെടുക്കുമെന്നും മന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി.

വേനൽചൂട് ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ തൊഴിലാളികൾക്ക് പുതുക്കിയ തൊഴിൽ സമയക്രമം നിശ്ചയിച്ചിരിക്കുമ്പോൾ പോലും, കുട്ടികളെ വിദ്യാലയങ്ങളിൽ എത്തിക്കുന്നത് മൗലികാവകാശ ങ്ങളുടെയും മനുഷ്യാവകാശങ്ങളുടെയും ലംഘനമാണ്. കഠിനമായ ചൂടിൽ സ്കൂളുകളിലെ പഠനാന്തരീക്ഷം കുട്ടികളിൽ ആരോഗ്യപ്രശ്നങ്ങളുണ്ടാക്കാൻ സാധ്യതയുണ്ടെന്ന് മന്ത്രി പറഞ്ഞു. ബാലാവകാശ കമ്മീഷന്റെയും കോടതികളുടെയും മുൻ ഉത്തരവുകൾ പ്രകാരം കുട്ടികളുടെ അവധിക്കാലം തടസ്സപ്പെടുത്താൻ ആർക്കും അവകാശമില്ലെന്നും അദ്ദേഹം വിശദീകരിച്ചു.

സംസ്ഥാനത്തെ ഗവൺമെന്റ്- എയ്ഡഡ് സ്കൂളുകൾക്ക് പുറമെ CBSE, ICSE സ്കൂളുകളും ഈ നിർദ്ദേശം പാലിക്കാൻ ബാധ്യസ്ഥരാണ്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്കൂളുകളെ നിരീക്ഷിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

✪✪✪

സംസ്ഥാനത്തെ SSLC പരീക്ഷാ മൂല്യനിർണയം ഇന്ന് ആരംഭിക്കും. നേരത്തെ ഏപ്രിൽ ആറിന് ആരംഭിക്കാനിരുന്ന മൂല്യനിർണയം വോട്ടെടുപ്പിനെ തുടർന്ന് മാറ്റുകയായിരുന്നു. മൂന്ന് ഘട്ടമായി മൂല്യനിർണയം പൂർത്തിയാക്കും. ആദ്യഘട്ടം ഇന്ന് മുതൽ ഈ മാസം 18 വരെയും, രണ്ടാംഘട്ടം 20 മുതൽ ഈ മാസം 25 വരെയും, മൂന്നാം ഘട്ടം 27 മുതൽ മേയ് രണ്ട് വരെയുമാണ്.

മെയ് രണ്ടാം വാരത്തോടെ പരീക്ഷാഫലം പ്രഖ്യാപിക്കും.

✪✪✪

സംസ്ഥാനത്ത് ഇന്നലെ റെക്കോർഡ് വൈദ്യുതി ഉപഭോഗം രേഖപ്പെടുത്തി. കനത്ത പകൽച്ചൂടും, രാത്രിയിലെ ഉയർന്ന താപനിലയും മൂലം വൈദ്യുതി ഉപയോഗം 6,012 മെഗാവാട്ടിലെത്തി. പവർകട്ടോ, ലോഡ്ഷെഡിംഗോ ഇല്ലാതെ സാഹചര്യം നേരിടാൻ ആവശ്യമായ നടപടികൾ ഇന്നത്തെ KSEB ഉന്നതതലയോഗം ചർച്ച ചെയ്യും. പുറമെ നിന്ന് വൈദ്യുതി വാങ്ങി ഇപ്പോഴത്തെ സാഹചര്യം നേരിടുന്നതടക്കം വിഷയങ്ങൾ യോഗം ചർച്ച ചെയ്യും.

✪✪✪

IPL ക്രിക്കറ്റിൽ റോയൽ ചലഞ്ചേഴ്സ് ബംഗളൂരു, ലക്നൗ സൂപ്പർ ജയന്റ്സിനെ ബംഗളൂരുവിൽ അഞ്ച് വിക്കറ്റിന് തോൽപ്പിച്ചു. ഇന്ന് മുംബൈ ഇന്ത്യൻസ്, പഞ്ചാബ് കിംഗ്സിനെ മുംബൈ വാങ്കഡെ സ്റ്റേഡിയത്തിൽ നേരിടും. വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

സൈപ്രസിൽ ഫിഡെ വനിതാ കാൻഡിഡേറ്റ്സ് ചെസ് ടൂർണമെന്റിൽ ഇന്ത്യൻ ഗ്രാന്റ്മാസ്റ്റർ R വൈശാലിയ്ക്ക് കിരീടം. ഫൈനലിൽ റഷ്യയുടെ കത്രീന ലാഗ്നോയെ തോൽപ്പിച്ചാണ് എട്ടര പോയിന്റോടെ വൈശാലി ജേതാവായത്. ഇതോടെ ഈ വർഷത്തെ ലോക ചെസ് ചാമ്പ്യൻഷിപ്പിൽ ചൈനയുടെ ജു വെൻ ജു വിനെ നേരിടാൻ വൈശാലി യോഗ്യത നേടി.

✪✪✪

ഫിഫ സീരീസ് -2026 ഫുട്ബോളിൽ ഇന്ത്യ, മലാവിയെ തോൽപ്പിച്ച് പ്ലേ ഓഫിൽ മൂന്നാം സ്ഥാനം നേടി. നേരത്തെ സെമിയിൽ ഇന്ത്യ, കെനിയയോട് പരാജയപ്പെട്ടിരുന്നു.

✪✪✪

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് വിദ്യാർഥി നിതിൻരാജിന്റെ മരണത്തിന് ഉത്തരവാദികളായവർക്കെതിരെ നരഹത്യയ്ക്ക് കേസെടുക്കണമെന്ന് ആദിവാസി- ദളിത് മുന്നേറ്റ സമിതി, അംബേദ്കർ ഡെമോക്രാറ്റിക് ഫ്രണ്ട് എന്നീ സംഘടനകൾ ആവശ്യപ്പെട്ടു. കുറ്റക്കാരായ അധ്യാപകർക്കും മാനേജ്മെന്റിനുമെതിരെ നടപടിയെടുക്കണമെന്നും, സ്ഥാപനം പൂട്ടണമെന്നും, അംഗീകാരം റദ്ദാക്കണമെന്നും സംഘടനകൾ ആവശ്യപ്പെട്ടു.

നിതിൻരാജിന്റെ മരണവുമായി ബന്ധപ്പെട്ട് ആരോഗ്യ സർവകലാശാല അധികൃതർ ഇന്നും നാളെയും കോളേജിൽ നേരിട്ടെത്തി തെളിവെടുപ്പ് നടത്തും.

✪✪✪

കൊയിലാണ്ടിയിൽ പടക്കം പൊട്ടിക്കുന്നതിനിടെ ഉണ്ടായ അപകടത്തിൽ വിദ്യാർത്ഥി മരിച്ചു. കൊയിലാണ്ടി കൊരയങ്ങാട് അദ്വൈത് എന്ന 16 കാരൻ ആണ് മരിച്ചത്. ഗ്രൗണ്ടിൽ സുഹൃത്തുക്കൾക്കൊപ്പം പടക്കം പൊട്ടിക്കുന്നതിനിടെയായിരുന്നു അപകടം.

✪✪✪

ഇന്നലെ അന്തരിച്ച മുതിർന്ന INTUC നേതാവും കേരള ഹെഡ് ലോഡ് വർക്കേർസ് ഫെഡറേഷൻ സംസ്ഥാന വൈസ് പ്രസിഡന്റുമായ കണ്ണൂർ കൊറ്റാളിയിലെ K.V രാഘവന്റെ മൃതദേഹം ഉച്ചയ്ക്ക് കണ്ണൂർ പയ്യാമ്പലത്ത്

**സംസ്കരിക്കും. ദേശീയ ചുമട്ടുതൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡന്റ്, ജില്ലാ ഷോപ്പ് എസ്റ്റാബ്ലിഷ്മെന്റ് & കോമെർഷ്യൽ വർക്കേഴ്സ് യൂണിയൻ പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചുവരികയായിരുന്നു 82 കാരനായ K.V രാഘവൻ.**

✪✪✪

---

***News Editor : പി ചന്ദ്രബാബു***
***News Reader: അനിൽ ചന്ദ്രൻ***
***News Team: സയ്യിദ് അലി ശിഹാബ്***
***DEO : ഷീബ***